**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - 2023-ലെ ഓണത്തോടനുബന്ധിച്ച് ആലപ്പുഴ തുറമുഖത്തിലെ തൊഴിലാളികൾക്ക് രണ്ടാഴ്ചത്തെ സൗജന്യ റേഷൻ വിതരണം ചെയ്ത വകയിൽ ചെലവായ തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഡി.ആർ.എഫ്.-സി) വകുപ്പ്**

**സ.ഉ.(സാധാ) നം.2911/2024/RD തീയതി, തിരുവനന്തപുരം, 06-12-2024**

---

പരാമർശം:- 1. സ.ഉ. (സാധാ)നം. 3075/23/റവ, തീയതി, 22.08.2023.

2. ആലപ്പുഴ ജില്ലാ കളക്ടറുടെ 03.11.2024-ലെ DCALP/6105/23-N1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

2023-ലെ ഓണത്തോടനുബന്ധിച്ച് ആലപ്പുഴ തുറമുഖത്തിലെ 299 തൊഴിലാളികൾക്ക് ഓരോരുത്തർക്കും Festival allowance ആയി 5,250/-രൂപയും രണ്ടാഴ്ചത്തെ സൗജന്യ റേഷനും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. 5,250/-രൂപ വീതം വിതരണം ചെയ്യുന്നതിന് വേണ്ട ആകെ തുകയായ 15,69,750 രൂപയും രണ്ടാഴ്ചത്തെ സൗജന്യ റേഷൻ നല്കുന്നതിനാവശ്യമായ തുകയും അനുവദിക്കുമെന്നും പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

2) 2023-ലെ ഓണത്തോടനുബന്ധിച്ച് ആലപ്പുഴ തുറമുഖത്തിലെ തൊഴിലാളികൾക്ക് സൗജന്യ റേഷൻ വിതരണം ചെയ്തിരുന്നുവെന്നും ഗുണഭോക്താക്കളിൽ AAY, PHH കാർഡുകാർക്കു സൗജന്യമായും NPS കാർഡുകാർക്കു കിലോഗ്രാമിന് 4/- രൂപ നിരക്കിലും, NPNS കാർഡുകാർക്കു കിലോഗ്രാമിന് 10.90 രൂപ നിരക്കിലും ആയിട്ടാണ് റേഷൻ വിതരണം നടത്തിയതെന്നും NPS & 14 NPNS കാർഡ് ഉടമകൾക്കായി സൗജന്യ റേഷൻ വിതരണം ചെയ്ത വകയിൽ 1,379/-രൂപ ചിലവായിട്ടുണ്ടെന്നും ടി തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് നൽകണമെന്നും ആലപ്പുഴ ജില്ലാ കളക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2023-ലെ ഓണത്തോടനുബന്ധിച്ച് ആലപ്പുഴ തുറമുഖത്തിലെ തൊഴിലാളികളിലെ NPS, NPNS കാർഡുടമകൾക്ക് രണ്ടാഴ്ചത്തെ സൗജന്യ റേഷൻ വിതരണം ചെയ്ത വകയിൽ ചെലവായ **1,379/-(ആയിരത്തി മുന്നൂറ്റി എഴുപത്തി ഒൻപത് രൂപ മാത്രം)** രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് ഉത്തരവാകുന്നു.

4. വിതരണത്തിനാവശ്യമായി വരുന്ന **1,379/-** രൂപ (ആയിരത്തി മുന്നൂറ്റി എഴുപത്തി ഒൻപത് രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും ആലപ്പുഴ ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാകളക്ടർ തുക വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും സ്വീകരിച്ച നടപടി സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**ജയശ്രീ പി എൻ**
**ഡെപ്യൂട്ടി സെക്രട്ടറി**

ജില്ലാ കളക്ടർ, ആലപ്പുഴ.
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി
(മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്),തിരുവനന്തപുരം.
കമ്മീഷണർ, പൊതു വിതരണ ഉപഭോക്തൃ കാര്യാലയം, തിരുവനന്തപുരം.

ഡയറക്ടർ, സിവിൽ സപ്ലൈസ് കോർപ്പറേഷൻ, എറണാകുളം.
ജില്ലാ ട്രഷറി ഓഫീസർ, ആലപ്പുഴ (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖേന)
ധനകാര്യ (ഫണ്ട്സ്) വകുപ്പ്.
ഭക്ഷ്യ പൊതുവിതരണ വകുപ്പ്
മത്സ്യബന്ധന തുറമുഖ വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ്/ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**
Signed by
Apsara T T
Date: 07-12-2024 10:00:13
**സെക്ഷൻ ഓഫീസർ,**

പകർപ്പ്:- ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. തുറമുഖ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.
ഡി.ആർ.എഫ്. (എ, ബി) വകുപ്പുകൾക്ക്.